**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 840** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം തടയാൻ നൂതന നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്ന് കർഷകരെയും കാർഷികവിളകളെയും സംരക്ഷിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നൂതന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതിനായി വനാതിർത്തി മേഖലകളിൽ ഡ്രോൺ സ്ക്വാഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മനുഷ്യ - വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് നിലവിലുണ്ടായിരുന്ന ഡിവിഷൻതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലാൻഡ്സ്കേപ്പ് അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി സംസ്ഥാനത്തെ പതിനാല് ലാൻഡ്സ്കേപ്പുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായി കണ്ടെയ്ൻമെന്റ്, മിറ്റിഗേഷൻ, കോമ്പൻസേഷൻ ഫ്രെയിംവർക്കിൽ (Containment, Mitigation, Compensation – CMC Framework) ഊന്നിയുള്ള ത്രിതല പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നത്.

കൂടാതെ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പ്രതിരോധ നിർമ്മിതികളായ സൗരോർജ്ജ തൂക്കുവേലി, എ.ഐ. സ്മാർട്ട് ഫെൻസ് തുടങ്ങിയവയുടെ നിർമ്മാണവും പരിപാലനവും, പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ, എ.ഐ. അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ-മുന്നറിയിപ്പ് സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ, വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിലെ കർഷകരിൽ നിന്നും ഇടിച്ചക്ക ശേഖരിക്കുന്നതിനുള്ള നടപടികൾ, പുതിയ ആർ.ആർ.ടി.കളുടെ രൂപീകരണവും നിലവിലുള്ളവയുടെ ശാക്തീകരണവും, ഹോട്ട് സ്പോട്ടുകളിൽ സ്പെഷ്യൽ റിസർവ് ഫോഴ്സുകളുടെ വിന്യാസം, മെട്രോ റെസ്പോൺസ് ടീമുകളുടെ രൂപീകരണം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉപദേശക സമിതി മുതലായ പ്രവൃത്തികൾ ചെയ്തിട്ടുള്ളതാണ്.

ജനവാസമേഖലയിൽ എത്തിച്ചേരുന്ന വന്യമൃഗങ്ങളെ നിരീക്ഷിക്കുന്നതിനും സംഘർഷ സാധ്യതയെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും സർക്കാരിന്റെ ആദ്യ നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ്, കണ്ണൂർ-ആറളം, വയനാട്, കോഴിക്കോട്, നിലമ്പൂർ, മണ്ണാർക്കാട്, പാലക്കാട്, തൃശ്ശൂർ-പീച്ചി, വാഴച്ചാൽ-ചാലക്കുടി, മലയാറ്റൂർ, മൂന്നാർ-മാങ്കുളം, പെരിയാർ-റാന്നി, കോന്നി-തെന്മല, അഗസ്ത്യമല-തിരുവനന്തപുരം എന്നിങ്ങനെ 14 ലാൻഡ്സ്കേപ്പുകളിലും ഡ്രോൺ

സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും 36 വനം ഡിവിഷനുകളിലായി ആയിരത്തോളം ക്യാമറട്രാപ്പുകൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. എ.ഐ. അടിസ്ഥാനമാക്കിയ റിയൽ ടൈം മോണിറ്ററിംഗ് സംവിധാനത്തിന്റെ ആദ്യഘട്ടമായി കോതമംഗലം ഡിവിഷനിലെ മുള്ളരിങ്ങാട് 400 മീറ്റർ ത്രിതല സ്മാർട്ട് ഫെൻസ് സംവിധാനം നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

**(ബി)** ഡ്രോൺ നിരീക്ഷണത്തിനുപുറമേ വനാതിർത്തികളിൽ വന്യജീവികളെ നിരീക്ഷിക്കുന്നതിനും പിന്തിരിപ്പിക്കുന്നതിനുമായി എന്തെല്ലാം അധിക സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഡ്രോൺ നിരീക്ഷണത്തിനുപുറമേ, വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് എത്തുന്നത് തടയാനായി വനാതിർത്തികളിൽ ആവശ്യമായിടത്ത് സൗരോർജ്ജ തൂക്കുവേലി, സ്മാർട്ട് ഫെൻസ്, ആനക്കിടങ്ങ് തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുക, വന്യമൃഗങ്ങളെ വനത്തിനുള്ളിൽ തന്നെ നിലനിർത്തുന്നതിനായി വനത്തിനുള്ളിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷ്യ-ജലലഭ്യത ഉറപ്പാക്കുക, വയലുകളും പുൽമേടുകൾ പുനരുദ്ധരിക്കുക, മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഇക്കോ-റിസ്റ്റോറേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്.

**(സി)** ഹോട്ട്സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ അകറ്റാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള ദൃശ്യ-ശ്രാവ്യ സംവിധാനങ്ങൾ ഒരുക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വനം വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, നെന്മാറ, ചാലക്കുടി എന്നീ വനം ഡിവിഷനുകളിൽ വന്യമൃഗങ്ങളെ അകറ്റാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള ദൃശ്യ ശ്രാവ്യ സംവിധാനമായ ഫാം ഗാർഡ് (Farm Guard) ഫെൻസുകൾ നിലവിൽ സ്ഥാപിച്ചിട്ടുള്ളതും ആയത് ജനവാസമേഖലയിൽ എത്തുന്ന വന്യമൃഗങ്ങളെ തിരികെ വനമേഖലയിലേക്ക് കയറ്റി വിടുന്നതിനും തദ്ദേശീയ ജനങ്ങൾക്ക് വന്യമൃഗങ്ങളുടെ സാമീപ്യം അറിയുന്നതിനും ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുമുണ്ട്. ഈ സാമ്പത്തിക വർഷം 35 എണ്ണം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള ദൃശ്യ ശ്രവ്യ സംവിധാനമായ ഫാം ഗാർഡുകൾ കൂടി വിവിധ വനമേഖലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(ഡി)** വന്യജീവി ആക്രമണങ്ങൾ മൂലമുണ്ടാകുന്ന ജീവഹാനിക്കും വിളനാശത്തിനുമുള്ള നഷ്ടപരിഹാരം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടപരിഹാരം അവസാനമായി പരിഷ്കരിച്ചത് 2015 ലാണ്. ആയത് 100% വർധിപ്പിക്കുന്നതിനും അതോടൊപ്പം മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം 25% വർധിപ്പിക്കുന്നതിനും തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**